# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1287.

06-03-2018 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ കാർഷിക വികസന പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. ദാസൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി വികസനത്തിനും തരിശ് പാടങ്ങളിൽ കൃഷി വികസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800/- രൂപയും, 1,200 രൂപയും, മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ്.<br><br>തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്ന തിനും, യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമായോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>* **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**<br><br>പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | * **പദ്ധതിയധിഷ്ഠിത ധനസഹായം**<br>നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>* **നെൽകൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**<br>2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.<br>* **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**<br>നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയധിഷ്ഠിതമായിട്ടാണ് ആനുകൂല്യം നൽകുക.<br>സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 2782.3857 ഹെക്ടർ സ്ഥലം കൃഷി ചെയ്യിക്കാൻ സാധിച്ചു. 2017-18 വർഷത്തിൽ ലക്ഷ്യമിട്ട 2956.7 ഹെക്ടറിന്റെ സ്ഥാനത്ത് 5485.686 ഹെക്ടർ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ കാർഷിക വികസന രംഗത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ആവളപ്പാണ്ടിയുൾപ്പെടെ ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ പ്രവർത്തന ഘട്ടത്തിൽ എത്തിയിട്ടുള്ളത്; | (ബി) | കോഴിക്കോട് ജില്ലയിൽ കാർഷിക വികസന രംഗത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും.<br>2.നാളികേര കൃഷി വ്യാപനം.<br>3. കാർഷിക വിജ്ഞാന വ്യാപന ശാക്തീകരണം.<br>4. മാനവ വിഭവശേഷി വികസനം.<br>5. മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റ് ലാബ്സ്.<br>6. ജൈവ കൃഷി വികസനം.<br>7. നെൽകൃഷി വികസനം.<br>8. പച്ചക്കറി വികസനം.<br>9. അഗ്രോസർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി.<br>10. പയർവർഗ്ഗ കിഴങ്ങുവർഗ്ഗങ്ങളുടെ വികസന പദ്ധതി.<br>11. സുഗന്ധവിള വികസന പദ്ധതി.<br>12.സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ്.<br>13.വിള ആരോഗ്യ പരിപാലനം.<br>14. വിള ഇൻഷ്വറൻസ്.<br>15. ബയോഡൈവേർസിറ്റി & ലോക്കൽ ജേംപ്ലാസം കൺസർവേഷൻ.<br>16. ഔഷധ സസ്യ കൃഷി, ഫലവർഗ്ഗ കൃഷി, പുഷ്പകൃഷി വികസനം.<br>17. കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ.<br>18. സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ.<br><br>ഇതിനുപുറമേ കർഷക പെൻഷൻ, പ്രകൃതി ക്ഷോഭ ദുരിതാശ്വാസം, വൈദ്യുതി സൗജന്യം, എസ്.എച്ച്.എം./ആത്മ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതികൾ, ആർ.കെ.വി.വൈ./ എസ്.എം.എ.എം. തുടങ്ങിയവയും നടപ്പാക്കുന്നു. ഇപ്പോൾ പ്രവർത്തന ഘട്ടത്തിൽ എത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. വേളം കുറ്റ്യാടി പഞ്ചായത്ത് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, നബാർഡ്, ആർ.ഐ.ഡി.എഫ്. പ്രവർത്തി പുരോഗമിക്കുന്നു.<br>2. തലക്കുളത്തൂർ പഞ്ചായത്ത് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>3) നടുവണ്ണൂർ പഞ്ചായത്ത് - കുനിയിൽ താഴെ പാടശേഖരം വികസന പ്രവൃത്തികൾ 90% പൂർത്തിയായി.<br>4) അകലാപ്പുഴ പാടശേഖരം (തിക്കോടി) വികസന പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചു.<br>5) വെളിയന്നൂർ ചെല്ലി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി കീഴരിയൂർ പഞ്ചായത്ത് പരിധിയിൽ ഏകദേശം 20 ഏക്കർ തരിശു നിലം കൃഷി ചെയ്തു. |
| (സി) | കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | സർക്കാരിന്റെ പ്രധാന പദ്ധതികളായ നെൽകൃഷി വികസനം (56%), നാളികേര വികസനം (47%), പച്ചക്കറി വികസനം (80%) എന്നിവ പുരോഗമിക്കുന്നു. ജനകീയാസൂത്രണ പദ്ധതികൾ 22% പൂർത്തിയായിട്ടുണ്ട്.<br>കൊയിലാണ്ടി മണ്ഡലത്തിൽ തിക്കോടി ബ്ലോക്കിലെ തിക്കോടി പഞ്ചായത്തിലെ അകാലപ്പുഴ കോൾ നിലം തരിശുപാടം കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി 1.30 കോടിയുടെ പ്രവർത്തനത്തിന്റെ പ്രാഥമിക പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 10 ഹെക്ടർ തരിശുകൃഷിയും ചെയ്തിട്ടുണ്ട്. മറ്റു പാടശേഖരങ്ങളായ ചെല്ലാടത്ത് പാടശേഖരം, ചെറുകുറ്റി ഉരുകര എന്നീ പാടശേഖരങ്ങളിലായി 10 ഹെക്ടർ തരിശുകൃഷി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ